# മീഡിയ/ജേണലിസ്റ്റ് അക്രഡിറ്റേഷൻ പുതുക്കലിന് (റിന്യൂവൽ) ഓൺലൈനായി അപേക്ഷിക്കാം

***ഓൺലൈനായി അപേക്ഷിച്ച് ഡിസംബർ 18 നകം പ്രിൻറ് ഔട്ട് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ സമർപ്പിക്കണം**

2021-ലെ മീഡിയ/ജേണലിസ്റ്റ് അക്രഡിറ്റേഷൻ പുതുക്കലിന് (റിന്യൂവൽ) അപേക്ഷിക്കാം. ഓൺലൈനായാണ് അപേക്ഷ സ്വീകരിക്കുക. അപേക്ഷ **ഡിസംബർ 18 വരെ** പി.ആർ.ഡി വെബ്സൈറ്റായ www.prd.kerala.gov.in മുഖേന സമർപ്പിക്കാം.

അപേക്ഷ പൂരിപ്പിക്കേണ്ടത് ഇംഗ്ലീഷിൽ മാത്രമാണ്. നിലവിൽ കഴിഞ്ഞവർഷം ഓൺലൈനായി രജിസ്റ്റർ ചെയ്ത് കാർഡ് ലഭിച്ചവരാണ് ഇത്തവണ പുതുക്കാൻ അപേക്ഷിക്കേണ്ടത്. **ഓൺലൈൻ വഴി പുതുക്കിയില്ലെങ്കിൽ യാതൊരു കാരണവശാലും നിലവിലുള്ള അക്രഡിറ്റേഷൻ അടുത്തവർഷത്തേക്ക് പുതുക്കപ്പെടില്ല.**

നിലവിൽ ഓൺലൈൻ രജിസ്റ്റർ ചെയ്തവർക്ക് **പുതുക്കൽ സമയത്ത് പ്രൊഫൈലിൽ ആവശ്യമായ തിരുത്തലുകൾ (ഉണ്ടെങ്കിൽ) വരുത്താം. ഫോട്ടോ, ഒപ്പ്, തസ്തിക, ജില്ല, വിലാസം തുടങ്ങിയ മാറ്റാവുന്നതാണ്.**

സ്കാൻ ചെയ്ത നിർദ്ദിഷ്ട വലിപ്പത്തിലുള്ള ഫോട്ടോ, ഒപ്പ് എന്നിവ (മാറ്റമുണ്ടെങ്കിൽ മാത്രം) അപ്‌ലോഡ് ചെയ്യാൻ പാകത്തിന് കമ്പ്യൂട്ടറിൽ കരുതിയതിന് ശേഷമാണ് അപേക്ഷ പൂരിപ്പിക്കേണ്ടത്. **റിപ്പോർട്ടിംഗ് സംബന്ധമായ ജോലി ചെയ്യുന്നവർ മീഡിയ വിഭാഗത്തിലും എഡിറ്റോറിയൽ ജീവനക്കാർ ജേണലിസ്റ്റ് വിഭാഗത്തിലും പുതുക്കലിന് അപേക്ഷിക്കണം.**

അപേക്ഷാഫോമിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട ഭാഗങ്ങൾ ഒഴിവാക്കി മുന്നോട്ട് പോകാനാകാത്ത വിധമാണ് സോഫ്റ്റ്‌വെയർ ക്രമീകരിച്ചിട്ടുള്ളത്.

രേഖപ്പെടുത്തിയ വിവരങ്ങൾ അപേക്ഷകന് പരിശോധിക്കുന്നതിനുള്ള പ്രിവ്യൂ ലഭ്യമാകും. തെറ്റില്ലെന്ന് ഉറപ്പുവരുത്തി **കൺഫേം** ബട്ടൺ ക്ലിക്ക് ചെയ്താൽ അപേക്ഷ സമർപ്പിക്കപ്പെട്ടു കഴിയും.

ഇതിനു ശേഷം അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് മാധ്യമ സ്ഥാപനത്തിൽ ചുമതലപ്പെട്ടവരിൽ നിന്നും ഒപ്പും സീലും പതിപ്പിച്ച്, **നിലവിൽ ഉള്ള കാർഡിൻെറ ഫോട്ടോ കോപ്പിസഹിതം** ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ **ഡിസംബർ 18 നകം** സമർപ്പിക്കണം.

**(റിപ്പോർട്ടിംഗ് ജീവനക്കാർ ബ്യൂറോ ചീഫിന്റെയും എഡിറ്റോറിയൽ/ഡസ്കിലുള്ളവർ ന്യൂസ് എഡിറ്ററുടെയും ഒപ്പാണ് പ്രിന്റൗട്ടിൽ രേഖപ്പെടുത്തേണ്ടത്).**

പുതുക്കിയ കാർഡുകൾ ജില്ലാ ആഫീസുകളിൽ നിന്ന് ഡിസംബർ അവസാനദിവസങ്ങളിൽ വിതരണം ചെയ്ത് തുടങ്ങും. പഴയ  കാർഡുകൾ തിരികെ നൽകിയാൽ മാത്രമേ പുതിയ കാർഡ് ലഭ്യമാകൂ.

## പുതുക്കൽ രജിസ്ട്രേഷൻ ഓൺലൈനായി നടത്തേണ്ടവിധം

http://www.iiitmk.ac.in/iprd/login.php ലിങ്ക് വഴി സൈറ്റിൽ പ്രവേശിക്കുക. പി.ആർ.ഡി സൈറ്റായ www.prd.kerala.gov.in സൈറ്റിന്റെ ഹോം പേജിൽ നിന്നും പ്രവേശിക്കാനുള്ള ലിങ്കുണ്ട്. **(ഗൂഗിൾ ക്രോം ബ്രൗസർ ഉപയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം)**

http://www.iiitmk.ac.in/iprd/login.php പേജിൽ **നിലവിലെ അക്രഡിറ്റേഷൻ നമ്പറും പാസ്‌വേഡും** ഉപയോഗിച്ച് ലോഗിൻ ചെയ്യാനുള്ള പേജ് ലഭിക്കും.

ഇതിൽ അക്രഡിറ്റേഷൻ നമ്പർ എന്ന കോളത്തിൽ നിലവിലെ (2020) കാർഡിലെ അക്രഡിറ്റേഷൻ നമ്പർ കാപ്പിറ്റൽ ലെറ്ററിൽ ടൈപ്പ് ചെയ്യണം. (ഉദാ: PRD/TVM/MA1000/2020)

കഴിഞ്ഞവർഷത്തെ പാസ്‌വേഡ് ഓർമയില്ലാത്തവർ തൊട്ടുതാഴെയുള്ള **'ഫോർഗോട്ട് പാസ്‌വേഡ്'** ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ ലഭ്യമാകുന്ന പേജിൽ അക്രഡിറ്റേഷൻ നമ്പർ മുഴുവനായി ടൈപ്പ് ചെയ്ത് **'റീസെറ്റ് പാസ്‌വേഡ്'** ക്ലിക്ക് ചെയ്താൽ പുതിയ പാസ്‌വേഡ് നിങ്ങൾ ഈ പോർട്ടലിൽ കാർഡിനായി രജിസ്റ്റർ ചെയ്തിരിക്കുന്ന ഇ-മെയിലിൽ വരും. (മെയിൽ ഇൻബോക്സിൽ ലഭിക്കാത്തവർ 'സ്പാം' ഫോൾഡർ കൂടി പരിശോധിക്കണം.)

ആ പാസ്‌വേഡ് ഉപയോഗിച്ച് http://www.iiitmk.ac.in/iprd/login.php പേജിലൂടെ നിങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്യാവുന്നതും നിങ്ങളുടെ പ്രൊഫൈൽ **അപ്ഡേറ്റ്** ചെയ്യാവുന്നതുമാണ്. **പ്രൊഫൈലിൽ പ്രവേശിച്ചാൽ മുകളിലുള്ള 'റിന്യൂ രജിസ്ട്രേഷനി'ൽ ക്ലിക്ക് ചെയ്താണ് അപ്ഡേഷൻ നടത്തേണ്ടത്.**

**(പാസ്‌വേഡ് റീസെറ്റിംഗ് സംശയങ്ങൾ ഉണ്ടെങ്കിൽ 9895394630 എന്ന നമ്പരിൽ വിളിക്കുക.)**

നിങ്ങളുടെ വിലാസം, ഫോട്ടോ, ഒപ്പ് തുടങ്ങിയവ ആവശ്യമെങ്കിൽ അപ്ഡേറ്റ് ചെയ്യാനും അവസരമുണ്ട്. രേഖപ്പെടുത്തിയ വിവരങ്ങൾ അപേക്ഷകന് പരിശോധിക്കുന്നതിനുള്ള പ്രിവ്യൂ ലഭ്യമാകും. തെറ്റില്ലെന്ന് ഉറപ്പുവരുത്തി **കൺഫേം** ബട്ടൺ ക്ലിക്ക് ചെയ്താൽ അപേക്ഷ സമർപ്പിക്കപ്പെട്ടു കഴിയും.

**ഫോട്ടോ ഇളംനിറമുള്ള പശ്ചാത്തലമുള്ള ചിത്രമാണ് ഉപയോഗിക്കേണ്ടത്. ഒപ്പ് വെളുത്ത പേപ്പറിൽ കറുത്ത മഷി കൊണ്ടുള്ളതായിരിക്കണം.**

**ഏതു ജില്ലയിലാണോ ജോലി ചെയ്യുന്നത് ആ ജില്ലയാണ് കോളത്തിൽ ചേർക്കേണ്ടത്.** അതത് ജില്ലയിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കാണ് മേലധികാരിയുടെ ഒപ്പും സീലും ചേർത്ത് അപേക്ഷയുടെ പ്രിൻറ് ഔട്ട് നൽകേണ്ടത്.

***** പ്രത്യേക ശ്രദ്ധയ്ക്ക്:** **ലോഗിൻ ചെയ്ത് നിലവിലുള്ള പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുകയാണ് വേണ്ടത്. പുതിയ രജിസ്ട്രേഷൻ നടത്തരുത്.**